സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

**സംഗ്രഹം**

**''മണി മണ്ഡപവും തങ്കധ്വജവും'' എന്ന മലയാളത്തിലും ഇംഗ്ലീഷിലും പരിഭാഷപ്പെടുത്തിയ ഗ്രന്ഥങ്ങൾ ദേവസ്വം ബുക്ക്സ്റ്റാൾ വഴി വിൽപ്പന നടത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**R.O.C. No. 13089/19/CA** നന്തൻകോട്, 07/11/2022

---

പരാമർശം :സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ 21/10/2022 ലെ 290/22/സിഎ 3 നമ്പർ റിപ്പോർട്ട്

ശബരിമല സ്വർണ്ണകൊടിമര നിർമ്മാണം വിഷയമാക്കി ശ്രീ.അനുകുമാർ.പി.അനന്തൻ രചിച്ച ''മണിമണ്ഡപവും തങ്കധ്വജവും'' എന്ന പുസ്തകവും (മലയാളം, ഇംഗ്ലീഷ്) ടി സ്വർണ്ണ കൊടിമരത്തിന്റെ നിർമ്മാണത്തിന്റെ തുടക്കം മുതൽ പ്രതിഷ്ഠകർമ്മവും ആദ്യ കൊടിയേറ്റും വരെയുള്ള ചടങ്ങുകൾ ചിത്രീകരിച്ച് തയ്യാറാക്കിയ ''ശബരീശന്റെ ധ്വജസ്തംഭം'' എന്ന പേരിലുള്ള ഡോക്യൂമെന്ററിയും തിരുവിതാംകൂർ ദേവസ്വം ബോർഡിന് സമർപ്പിക്കുന്നതിലേയ്ക്കായി ശ്രീ.അനുകുമാർ.പി.അനന്തൻ അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷയിന്മേൽ, സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി. (പരാമർശം)

പ്രസ്തുത റിപ്പോർട്ടിൽ, വിജ്ഞാന പ്രദമായ ടി പുസ്തകം ഐതീഹ്യങ്ങളെ സൂക്ഷ്മമായി പരിശോധിച്ച് രചിച്ചിട്ടുള്ളതാണെന്ന് ടെമ്പിൾ എൻസൈക്ലോപീഡിയ സ്പെഷ്യൽ ആഫീസർ ഡോ.മധുദേവൻ നായർ അഭിപ്രായപ്പെട്ടിട്ടുള്ളതായും ആകയാൽ ടി പുസ്തകം വിൽപ്പനയ്ക്ക് തെരഞ്ഞെടുക്കാവുന്നതാണെന്നും വിവരിച്ചിട്ടുള്ളതാണ്.

ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.

ശബരിമലയിലെ മണിമണ്ഡപത്തെപ്പറ്റിയും സ്വർണ്ണധ്വജത്തെപ്പറ്റിയും പ്രതിപാദിക്കുന്ന **''മണിമണ്ഡപവും തങ്കധ്വജവും''** എന്ന ഗ്രന്ഥം ഭക്തജനങ്ങൾ സ്വാഗതം ചെയ്യുമെന്നും കൂടുതൽ പഠനങ്ങൾക്ക് വഴിയൊരുക്കുമെന്നും ഇപ്രകാരമൊരു ഗ്രന്ഥം രചിക്കുകയും കൂടാതെ **''ശബരീശന്റെ ധ്വജസ്തംഭം''**എന്ന ഡോക്യുമെന്ററി തയ്യാറാക്കുകയും ചെയ്ത ശ്രീ.അനുകുമാർ.പി. അനന്തന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്നും ബോർഡ് വിലയിരുത്തി.

ശ്രീ.അനുകുമാർ.പി.അനന്തൻ രചിച്ച**''മണിമണ്ഡപവും തങ്കധ്വജവും''**എന്ന പുസ്തകം ദേവസ്വം ബോർഡ് ബുക്ക്സ്റ്റാൾ വഴി വിൽപ്പന നടത്തുന്നതിന് തീരുമാനിച്ചും തുടർ നടപടികൾക്കായി കൾച്ചറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവാകുന്നു.

മേൽ പ്രകാരം പ്രശംസനീയമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ശ്രീ.അനുകുമാർ.പി. അനന്തന് പ്രശസ്തി പത്രവും ഫലകവും നൽകുന്നതിന് ബോർഡ് തീരുമാനിക്കുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**
**(ഒപ്പ്)**
**സെക്രട്ടറി**

പകർപ്പ് :

1. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം
2. മിനിട്സ്
3. സെക്ഷൻ ഫയൽ
4. ആഫീസ് കോപ്പി
5. ഇ.ഡി.പി സെക്ഷൻ,
6. ഫയൽ ബുക്ക്

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി